"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - നഗരസഭകൾ/നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം നൽകാൻ നിഷ്കർഷിച്ചിട്ടുള്ള ഭൂമിയുടെ കുറഞ്ഞ വിസ്തൃതി പുനർനിശ്ചയിച്ചും, വീട് നിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിന് നിലവിൽ അനുവദിക്കാവുന്ന തുകയ്ക്ക് ഉപരിയായി തുക അനുവദിക്കുന്നതിന് അനുമതി നൽകിയും - സബ്സിഡി മാർഗ്ഗരേഖ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(കൈ) നം.134/2025/LSGD തീയതി,തിരുവനന്തപുരം, 08-08-2025

---

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. സ.ഉ.(സാധാ) നം.2324/2024/തസ്വഭവ; തീയതി 29.11.2024
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.03.2025, 26.05.2025 തീയതികളിലെ LSGD/PD/63463/2023-EPEP1 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗരേഖ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ ഖണ്ഡിക 6.7 ഉപഖണ്ഡിക 2 പ്രകാരം ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. 3 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിനാണ് ധനസഹായം നൽകാവുന്നത്.

2. അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട വീടും സ്ഥലവും ആവശ്യമുള്ളവരിൽ മുനിസിപ്പാലിറ്റി, നഗര സ്വഭാവമുള്ള പഞ്ചായത്തുകൾ എന്നിങ്ങനെ 152 തദ്ദേശ സ്ഥാപനങ്ങളിലായി 1067 കുടുംബങ്ങൾ കരാർ വയ്ക്കാൻ ബാക്കിയുണ്ടെങ്കിലും സ്ഥലത്തിന്റെ ദൗർലഭ്യവും ഭൂമിയുടെ വിലയും കാരണം അതിദരിദ്ര പട്ടികയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് പലപ്പോഴും അനുയോജ്യമായ സ്ഥലം കണ്ടെത്താൻ സാധിക്കാതെവരുന്ന സാഹചര്യമാണെന്നും, അതിനാൽ നഗരസഭകൾ, നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ വീട് നിർമ്മാണത്തിന് തുക അനുവദിക്കുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള ഭൂമിയുടെ കുറഞ്ഞ വിസ്തൃതി 3 സെന്റിൽ നിന്നും 2 സെന്റായി കുറയ്ക്കുന്നത് പരിഗണിക്കണമെന്നും, ഇവിടങ്ങളിലെ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് ആവശ്യമായ ഭൂമി വാങ്ങുന്നതിന് വാർഷിക പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം നിലവിൽ അനുവദിക്കുന്ന തുകയ്ക്ക് ഉപരിയായി പരമാവധി 2 ലക്ഷം രൂപ

കൂടി നൽകുന്നതിന് അനുമതി നൽകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭവന നിർമ്മാണത്തിനുള്ള ഭൂമിയിൽ ബന്ധപ്പെട്ട കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ച് കൊണ്ട് ഭവന നിർമ്മാണം നടത്താൻ സാധിക്കുന്നതാണെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്ന നിബന്ധനയോടെ, അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് ആവശ്യമായ ഭൂമിയുടെ കുറഞ്ഞ വിസ്തൃതി 3 സെന്റിൽ നിന്നും 2 സെന്റായി നിശ്ചയിച്ച് ഉത്തരവാകുന്നു.

4. വീട് നിർമ്മാണത്തിന് റവന്യു ഭൂമിയോ മറ്റൊരു തരത്തിലുമുള്ള ഭൂമിയോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാത്രം, ആവശ്യമായ ഭൂമി വാങ്ങുന്നതിന് പരാമർശം 1 മാർഗ്ഗരേഖ പ്രകാരം നിലവിൽ അനുവദിക്കാവുന്ന തുകയ്ക്ക് ഉപരിയായി, ആവശ്യകതയ്ക്കനുസരിച്ച്, പരാമർശം 2 ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾക്ക് കൂടി വിധേയമായി, അതിദരിദ്ര കുടുംബങ്ങൾക്ക് മാത്രമായി പരമാവധി 2 ലക്ഷം രൂപ കൂടി നൽകുന്നതിനും അനുമതി നൽകുന്നു. മേൽ ഖണ്ഡിക 3, 4 പ്രകാരം ഭൂമിയുടെ വിസ്തൃതിയിൽ ഇളവും, തുകയും അനുവദിച്ചാൽ വീടും സ്ഥലവും പന്ത്രണ്ട് വർഷത്തേയ്ക്ക് മുൻകൂർ അനുമതി ഇല്ലാതെ കൈമാറാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. സ്റ്റേറ്റ് നോഡൽ ഓഫീസർ, ഇ.പി.ഇ.പി. സെൽ
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം 3165, തീയതി 06.08.2025)
24. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 08-08-2025 16:45:18

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്